# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3969** **11/11/2019-ൽ മറുപടിയ്ക്ക്**

## ശരണബാല്യം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി. കെ. മുരളി | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) ബാലഭിക്ഷാടനം ഒഴിവാക്കുന്നതിനായിയുള്ള ശരണബാല്യം പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ; | (എ) ബാലവേല, ബാലഭിക്ഷാടനം, തെരുവ് ബാല്യ വിമുക്ത കേരളം ' എന്ന ലക്ഷ്യത്തിനായി വനിത ശിശു-വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ശരണ ബാല്യം. വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് ശരണബാല്യം പദ്ധതി ആരംഭിച്ചിട്ടുള്ളത്. ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ഒരു റെസ്ക്യൂ ഓഫീസറെ വീതം നിയോഗിച്ച് കൊണ്ടാണ് ഈ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കി വരുന്നത്.<br><u>ശരണബാല്യം പദ്ധതിയുടെ ലക്ഷ്യ ഗ്രൂപ്പുകൾ</u><br>• ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ<br>• തെരുവിൽ അലയുന്നതും ഭിക്ഷയാചിക്കുന്നതും ആയ കുട്ടികൾ<br>• കുട്ടിക്കടത്തിനു വിധേയരാകുന്ന കുട്ടികൾ<br>• സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികൾ, തുടർച്ചയായി സ്കൂളിൽ ഹാജരാകാത്ത കുട്ടികൾ |
| (ബി) ഈ പദ്ധതി നടപ്പിലാക്കിയത് മൂലം എന്തൊക്കെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) ശരണ ബാല്യം പദ്ധതി നടപ്പിലാക്കിയത് മൂലം 213 കുട്ടികളെ റെസ്ക്യൂ ചെയ്യുകയും 36 FIR രജിസ്റ്റർ ചെയ്യുകയും കുട്ടികളുടെ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ബന്ധപ്പെട്ട വകുപ്പുകളുമായുള്ള സംയോജിത മീറ്റിംഗുകളും ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. റെസ്ക്യൂ ടീമിന്റെ |

നേതൃത്വത്തിൽ ജില്ലകളിൽ ബാലവേലയിലേർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനായുള്ള പരിശോധനകൾ ശക്തമാക്കി വരുന്നു.

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(സി) വനിത ശിശു-വികസന വകുപ്പ് സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായ ശരണബാല്യം പദ്ധതി നവംബർ 2018 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**